പതിനാലാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത

നിയമസഭാ ചോദ്യം നം.1244

04/02/2019-ൽ

മറുപടിയ്ക്ക്

## അന്താരാഷ്ട്ര നിലവാരത്തിലേക്ക് ഉയർത്തുന്ന സ്കൂളുകൾ

ചോദ്യം

**ശ്രീ മുഹമ്മദ് മുഹസിൻ പി.**

മറുപടി

പ്രൊഫ.സി.രവീന്ദ്രനാഥ്
(പൊതുവിദ്യാഭ്യാസ വകുപ്പ് മന്ത്രി)

(എ) പട്ടാമ്പി നിയോജകമണ്ഡലത്തിൽ അന്താരാഷ്ട്ര നിലവാരത്തിലേക്ക് ഉയർത്താൻ ഉദ്ദേശിക്കുന്ന സ്കൂളുകൾ എതൊക്കെയാണെന്നും അതിനുള്ള പ്രവർത്തനങ്ങൾ ഏത് വരെയായെന്നും വിശദമാക്കാമോ; നിലവിൽ ഏതെല്ലാം സ്കൂളുകളിൽ പ്രവൃത്തി ആരംഭിച്ചുവെന്ന് അറിയിക്കാമോ;

(ബി) എല്ലാ സ്കൂളുകളിലെയും പ്രവൃത്തികൾക്ക് ഭരണാനുമതി ലഭിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(എ) യും (ബി) യും: പട്ടാമ്പി നിയോജകമണ്ഡലത്തിലെ നടുവട്ടം ജി.എച്ച്.എസ്.എസിനെ മികവിന്റെ കേന്ദ്രമാക്കുന്നതിനായി കിഫ്ബിയുടെ 5 കോടി ധനസഹായത്തോടെ നിർമ്മാണ പ്രവർത്തനം ആരംഭിച്ച് പണി പുരോഗമിച്ചു വരുന്നു. കൊപ്പം ഗവൺമെന്റ് വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂൾ, വാടാനകുറിശ്ശി ജി.എച്ച്.എസ്.എസ്, പട്ടാമ്പി എച്ച്.എസ്.എസ് എന്നീ സ്കൂളുകളുടെ ഭൗതിക സാഹചര്യവികസനത്തിനായി കിഫ്ബിയുടെ 3 കോടി ധനസഹായം ലഭ്യമായിട്ടുണ്ട്. ഇതിൽ വാടാനകുറിശ്ശി, കൊപ്പം എന്നിവിടങ്ങളിൽ പണി പുരോഗമിച്ചു വരുന്നു. പട്ടാമ്പി ഗവൺമെന്റ് എച്ച്.എസ്.എസിന്റെ ടെൻഡർ നടപടികൾ നടന്നു വരുന്നു. കൂടാതെ ജി.യു.പി.എസ് പട്ടാമ്പി, വല്ലപ്പുഴ ജി.എച്ച്.എസ്.എസ് എന്നീ സ്കൂളുകളുടെ ഭരണാനുമതി നൽകി കഴിഞ്ഞു.

(സി) ടെണ്ടർ നടപടികൾ പൂർത്തിയായിട്ടും പ്രവൃത്തികൾ ആരംഭിക്കാത്ത സ്കൂളുകൾ ഉണ്ടെങ്കിൽ അതിനുള്ള കാരണം വ്യക്തമാക്കാമോ?

(സി) പട്ടാമ്പി നിയോജക മണ്ഡലത്തിൽ ടെണ്ടർ നടപടികൾ പൂർത്തിയാക്കിയ എല്ലാ സ്കൂളുകളുടേയും നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്.

Namitha

**സെക്ഷൻ ഓഫീസർ**